3634/LWB
4/5/2022

**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ് എഫ് സി-ബി) വകുപ്പ്**

സ ഉ (കൈ) നം.68/2022/ധന — തീയതി, തിരുവനന്തപുരം, 28.04.2022

പരാമർശം : കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 16.03.2022 ലെ എ ഡി എഫ് ഡബ്ല്യു/4655/2021/ടിഎസ്1 നമ്പർ കത്ത്

**ഉത്തരവ്**

സർക്കാർ സഹായത്തോടെയും തനതു ഫണ്ട് ഉപയോഗിച്ചും പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളിൽ പെൻഷൻ അപേക്ഷകർക്ക് അവർ പെൻഷന് അർഹത നേടുന്ന / പെൻഷന് അപേക്ഷ സമർപ്പിക്കുന്ന മാസം മുതൽ പെൻഷൻ അനുവദിക്കണമെന്ന് ആവശ്യമുന്നയിച്ചുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. സർക്കാർ സഹായത്തോടെയും തനതു ഫണ്ട് ഉപയോഗിച്ചും പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ ഗുണഭോക്താക്കൾക്ക്, അവർ പെൻഷന് അപേക്ഷ നൽകി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ / ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഡിജിറ്റൽ ഒപ്പു വെയ്ക്കുന്ന മാസം മുതൽക്കേ ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിക്കുവാൻ അർഹതയുള്ളൂ എന്നും ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകൾ തങ്ങളുടെ നിയമാവലിയിൽ / ബൈലായിൽ ഇതിലേക്കാവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണെന്നും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് കുമാർ സിംഗ് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II ), കേരള, തിരുവനന്തപുരം
ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
എല്ലാ ക്ഷേമ നിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
കൃഷി/ തൊഴിൽ/ വ്യവസായം/ നികുതി/ ഭക്ഷ്യ സിവിൽ സപ്ലൈസ് /നോർക്ക /സാംസ്കാരിക/ കായിക യുവജനക്ഷേമ/ വനിതാശിശുക്ഷേമ/ മൃഗസംരക്ഷണം/ മത്സ്യബന്ധന തുറമുഖ/ നിയമ വകുപ്പു സെക്രട്ടറിമാർ
ധനകാര്യ (എസ്.എസ്/ബഡ്ജറ്റ്/ലേബർ/കൃഷി/വ്യയം/ഇൻഡ്&പിഡബ്ല്യു.എ ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്
(ഫയൽ നം. E-2039176/എസ്.എഫ്.സി.ബി3/22/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ